**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **16-03-2022 - ല്‍ മറുപടിയ്ക്ക്**

**സ്ത്രീകള്‍ക്കെതിരെയുള്ള കുറ്റകൃത്യങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീ പീഡനങ്ങളും സ്ത്രീകള്‍ക്കെതിരായ മറ്റ് കുറ്റകൃത്യങ്ങളും വീടുകളിലും സമൂഹത്തിലും നിലനില്‍ക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. അത്തരം സംഭവങ്ങള്‍ ശ്രദ്ധയില്‍പ്പെടുമ്പോള്‍ തന്നെ അവയ്ക്കെതിരെ FIR രജിസ്റ്റര്‍ ചെയ്ത്, തെളിവുകള്‍ ശേഖരിച്ച്, പ്രതികളെ അറസ്റ്റ് ചെയ്ത് അന്വേഷണം പൂര്‍ത്തിയാക്കി കുറ്റക്കാര്‍ക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കത്തക്കവണ്ണം ബഹു. കോടതികളില്‍ യഥാസമയം ചാര്‍ജ് ഷീറ്റ് സമര്‍പ്പിക്കുകയും ചെയ്തു വരുന്നു. |
| (ബി) | കഴിഞ്ഞ രണ്ട് വര്‍ഷങ്ങളിലായി പ്രസ്തുത വിഷയങ്ങളില്‍ രജിസ്റ്റര്‍ ചെയ്യപ്പെട്ട കേസ്സുകള്‍ എത്രയെന്നും എത്ര പേര്‍ക്കെതിരെ നടപടികള്‍ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത കേസുകളിന്മേല്‍ സ്വീകരിച്ചുവരുന്ന പ്രധാന തുടര്‍പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (ബി) | സ്ത്രീകള്‍ക്കെതിരായ അതിക്രമങ്ങളില്‍ 2020-ല്‍ 19,090 ആളുകള്‍ക്കെതിരെ 12,659 കേസുകളും, 2021-ല്‍ 24,848 ആളുകള്‍ക്കെതിരെ 16,418 കേസുകളും രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളില്‍ കുറ്റകൃത്യങ്ങള്‍ക്കനുസൃതമായ വകുപ്പുകള്‍ ചുമത്തി കേസുകള്‍ രജിസ്റ്റര്‍ ചെയ്യുകയും പ്രതികളെ താമസംവിനാ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കിയും, പഴുതടച്ചുള്ള അന്വേഷണം നടത്തി തെളിവുകള്‍ ശേഖരിച്ച് ചുരുങ്ങിയ കാലയളവില്‍ തന്നെ കുറ്റപത്രം സമര്‍പ്പിച്ചുവരുന്നു. കൂടാതെ കേസുകളുടെ അന്വേഷണ, വിചാരണ വേളകളില്‍ സാക്ഷികളുടെയും അതിജീവിതരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് ആവശ്യമായ നിയമസഹായങ്ങള്‍ നല്‍കി വരുന്നുണ്ട്. |
| (സി) | പ്രസ്തുത കേസ്സുകളുടെ എണ്ണത്തിലും സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിലും ദേശീയതലത്തില്‍ കേരളം എത്രാം സ്ഥാനത്താണ് എന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | സ്ത്രീകള്‍ക്കെതിരായ അതിക്രമകേസുകളില്‍ 2020-ാം വര്‍ഷത്തില്‍ Crime in India റിപ്പോര്‍ട്ട് പ്രകാരം മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോള്‍ ദേശീയതലത്തില്‍ കേരളം പതിമൂന്നാം സ്ഥാനത്താണ് . 2021 വര്‍ഷത്തെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. |

സെക്ഷന്‍ ഓഫീസര്‍